**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 122** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>അഴീക്കോട് മാരിടൈം കോളേജിന്റെ പ്രവർത്തന വിപുലീകരണം സംബന്ധിച്ച്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. വത്സരാജ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ അഴീക്കോട് മാരി ടൈം കോളേജിൽ നിലവിലുള്ള കോഴ്സുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** തൃശ്ശൂർ ജില്ലയിലെ അഴീക്കോടുള്ള കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് കൊടുങ്ങല്ലൂർ ക്യാമ്പസിൽ ഇൻലാൻഡ് വെസ്സൽ റൂൾ 2022 പ്രകാരം ഇൻലാൻഡ് വെസ്സൽ റീവാലിഡേഷൻ, ഐ.വി ജനറൽ പർപ്പസ് റേറ്റിങ്ങ് കൺവേർഷൻ, ഐ.വി ജനറൽ പർപ്പസ് റേറ്റിങ്ങ് ഇൻഡക്ഷൻ (മൂന്ന് മാസം ദൈർഘ്യമുള്ളത്) ക്ലാസ്സുകളും ഐ.വി ബേസിക് സേഫ്റ്റി കോഴ്സുകൾ, ഹാർബർ ക്രാഫ്റ്റ് റൂൾ 1970 പ്രകാരമുള്ള 3 ദിവസം ദൈർഘ്യമുള്ള കോഴ്സുകൾ, സ്പെഷ്യൽ കാറ്റഗറി കനാൽ ക്രൂയിസ് ബോട്ട് ക്രൂ കോഴ്സുകളും നിലവിലുണ്ട്.

**(ബി)** ഈ കോഴ്സുകൾ നടത്തുന്നതിന് ആവശ്യമായ കെട്ടിട സൗകര്യങ്ങളും സാങ്കേതിക ഉപകരണങ്ങളും പൂർണ്ണമായും കോളേജിൽ ലഭ്യമാണോയെന്നും ഓരോ കോഴ്സിലും എത്ര വിദ്യാർഥികളാണ് നിലവിൽ പഠിച്ചു വരുന്നതെന്നും വിശദമാക്കാമോ;

**<u>മറുപടി:</u>** നിലവിലെ ഐ.വി റൂൾ 2022 പ്രകാരമുള്ള കോഴ്സുകൾ നടത്തുന്നതിനായി വർക്ക്ഷോപ്പ്, പ്രാക്ടിക്കൽസ് എന്നിവ ഒഴികെയുള്ള അക്കാദമിക് ട്രെയിനിങ് സൗകര്യങ്ങൾ കൊടുങ്ങല്ലൂർ ക്യാമ്പസിൽ ലഭ്യമാണ്. പ്രാക്ടിക്കൽ ക്ലാസ്സിനായിട്ടുള്ള സ്വിമ്മിങ്ങ് പൂൾ, ഫയർ മോക്ക് അപ്പ് എന്നീ സൗകര്യങ്ങൾക്കു വേണ്ടി കൊച്ചിയിലെ സി.എം.സി മാരിടൈം അക്കാദമിയുമായി എഗ്രിമെന്റിൽ ഏർപ്പെട്ട് ട്രെയിനിങ്ങുകൾ നടത്തി വരുന്നു. കൂടാതെ കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഫിഷറീസ് സർവ്വെ ഓഫ് ഇന്ത്യയുടെ കൊച്ചിയിലെ വർക്ക്ഷോപ്പ് സൗകര്യങ്ങളും ട്രെയിനിങ്ങുകൾക്കായി ഉപയോഗിച്ചുവരുന്നു. നിലവിൽ 27 വിദ്യാർത്ഥികൾക്ക് 13 ദിവസം ദൈർഘ്യമുള്ള ബേസിക് സേഫ്റ്റി ട്രെയിനിങ് കോഴ്സ് നടന്നു വരുന്നു.

**(സി)** നിലവിലുള്ള ഏതെങ്കിലും കെട്ടിടത്തിന് തകരാറുകൾ സംഭവിച്ചിട്ടുണ്ടോ എന്നും അതിൻറെ അറ്റകുറ്റപ്പണികൾക്കായോ പുതിയ കെട്ടിടത്തിനായോ ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് കൊടുങ്ങല്ലൂർ ക്യാമ്പസിലെ ഹോസ്റ്റൽ ബ്ലോക്കിലെയും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലേയും ഘടനയിലുള്ള തകരാറുകൾ ശ്രദ്ധയിൽപ്പെട്ടതിന്റെ

അടിസ്ഥാനത്തിൽ NIT കോഴിക്കോട് ബിൽഡിങ്ങുകളുടെ സ്ട്രക്ചറൽ അസ്സസ്സ്മെൻറ് നടത്തി 2025 ആഗസ്റ്റിൽ ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്തുത ബ്ലോക്കുകൾ ഘട്ടം ഘട്ടമായി പൊളിച്ച് കളഞ്ഞ് പുതിയ ബ്ലോക്കുകൾ പണിയുന്നതാണ് ഉചിതമെന്ന് അറിയിച്ച സാഹചര്യത്തിൽ, പ്രസ്തുത കെട്ടിടങ്ങൾ പൊളിച്ചു കളയുന്നതിനുള്ള അനുമതിയ്ക്കായി കേരള മാരിടൈം ബോർഡ് സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു. നിലവിൽ പുതിയ കെട്ടിടങ്ങൾ പണിയുന്നതിനായി ഫണ്ടുകൾ അനുവദിച്ചിട്ടില്ല.

**(ഡി)** മാരിടൈം കോളേജ് തുടങ്ങിയതിനുശേഷം ആകെ എത്ര വിദ്യാർത്ഥികൾ കോഴ്സ് പൂർത്തീകരിച്ചിട്ടുണ്ട്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് കൊടുങ്ങല്ലൂർ ക്യാമ്പസിൽ 2019 മുതൽ വിവിധ വിഭാഗങ്ങളിലായി നടത്തിയ കോഴ്സുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(ഇ)** മാരിടൈം കോളേജ് വിപുലീകരിക്കുന്നതിനും പുതിയ കോഴ്സുകൾ തുടങ്ങുന്നതിനും എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** നിലവിൽ ഐ.വി റൂൾ 2022 നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ ഐ.വി റീവാലിഡേഷൻ, ഐ.വി ജി.പി. റേറ്റിങ് കൺവേർഷൻ, ഐ.വി ജി.പി. റേറ്റിങ് ഇൻഡക്ഷൻ (3 മാസം ദൈർഘ്യം) തുടങ്ങിയ കോഴ്സുകൾ 2023 നവംബർ മാസം മുതൽ ആരംഭിച്ചിരുന്നു. കൂടാതെ ഹാർബർ ക്രാഫ്റ്റ് റൂൾ 1970 പ്രകാരമുള്ള 3 ദിവസം ദൈർഘ്യമുള്ള കോഴ്സ്, 13 ദിവസം ദൈർഘ്യമുള്ള ബേസിക് സേഫ്റ്റി ക്ലാസ്സുകൾ മൂന്നാമത്തെ ബാച്ച് 17/06/2026 ന് ആരംഭിച്ചു. ഐ.വി റൂൾ സ്പെഷ്യൽ കാറ്റഗറി പ്രകാരമുള്ള കനാൽ ക്രൂയിസ് ബോട്ട് ക്രൂ ട്രെയിനിങ്ങുകളും പുതിയതായി കൊടുങ്ങല്ലൂർ ക്യാമ്പസിൽ 2026 വർഷത്തിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഐ.വി റൂൾ 2022 പ്രകാരമുള്ള പ്രിപ്പറേറ്ററി കോഴ്സുകൾ, ഇന്റർ സ്റ്റേറ്റ് എൻഡോഴ്സ്മെന്റ് കോഴ്സുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**

# <u>അനുബന്ധം</u>

| ക്രമ നമ്പർ | കാലയളവ് /നിയമം | ബാച്ചുകൾ | കോഴ്സിന്റെ പേര് | വിദ്യാർത്ഥികൾ |
|---|---|---|---|---|
| 1 | 2019 – 2023 (KIV Rule 2010) | 26 | ലാസ്കർ / ബോട്ട് ക്രൂ ട്രെയിനിങ്ങ് | 1092 |
| 2 | 2023 നവംബർ മുതൽ (IV Rule 2022) | 12 | റീവാലിഡേഷൻ ഓഫ് മാസ്റ്റർ ക്ലാസ് 1, 2, 3 (6 ദിവസം ദൈർഘ്യം) | 332 |
| 3 | 2023 നവംബർ മുതൽ (IV Rule 2022) | 5 | റീവാലിഡേഷൻ ഓഫ് എഞ്ചിൻ ഡ്രൈവർ 1, 2 & IV എഞ്ചിനീയർ (6 ദിവസം ദൈർഘ്യം) | 73 |
| 4 | 2023 നവംബർ മുതൽ (IV Rule 2022) | 5 | ജനറൽ പർപ്പസ് റേറ്റിങ്ങ് കൺവേർഷൻ (12 ദിവസം ദൈർഘ്യം) | 122 |
| 5 | 2023 നവംബർ മുതൽ (IV Rule 2022) | 1 | ജനറൽ പർപ്പസ് റേറ്റിങ്ങ് ഇൻഡക്ഷൻ (3 മാസം ദൈർഘ്യം) | 38 |
| 6 | 2023 നവംബർ മുതൽ (IV Rule 2022) | 4 | കനാൽ ക്രൂയിസ് ഐ.വി. സ്പെഷ്യൽ കാറ്റഗറി | 77 |
| 7 | ഹാർബർ ക്രാഫ്റ്റ് റൂൾ 1970 | 2 | ഹാർബർ ക്രാഫ്റ്റ് കോഴ്സുകൾ | 60 |
| **ആകെ** | | **55** | | **1794** |